ലക്ഷ്യത്തോടുകൂടി Web അടിസ്ഥാനമാക്കിയ SMS അലർട്ട് FMPDS (Food Grain Movement for Effective Public Distribution System) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ഇവയെല്ലാംതന്നെ കരിഞ്ചന്ത തടയുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നു.

കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണം

228 (7199) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി കുറഞ്ഞ വിലയ്ക്ക് കുത്തരി വിതരണ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽനിന്ന് സംഭരിക്കുന്ന നെല്ല് സപ്ലൈകോവഴി കുത്തരിയായി വിതരണം ചെയ്യുന്ന പദ്ധതി നിലവിലില്ല.

(ബി-ഡി) ബാധകമല്ല.

നെല്ല് സംഭരണം

228 (T7200) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവിളവെടുപ്പുകാലത്ത്എത്രടൺനെല്ലാണ് കർഷകരിൽനിന്നും സംഭരിച്ചത് ;

(ബി) ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T'മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly